# ഫെബ്രുവരി 21

# ലോകമാതൃഭാഷാദിനം

# മാതൃഭാഷാസംഗമം

## 2014 ഫെബ്രുവരി 21 വെള്ളിയാഴ്ച വൈകിട്ട് 5.00 മണിക്ക്

## എറണാകുളം പബ്ലിക് ലൈബ്രറിയിൽ

| | |
|---|---|
| വിഷയം | : **കോടതിയും മാതൃഭാഷയും** |
| ഉദ്ഘാടനം | : ജസ്റ്റിസ് ശ്രീ സിരി ജഗൻ |
| പങ്കെടുക്കുന്നവർ | : ഡോ. സെബാസ്റ്റ്യൻ പോൾ<br>അഡ്വ. കാളീശ്വരം രാജ്<br>ശ്രീ കെ. സേതുരാമൻ ഐ.പി.എസ്. |

പാക്കിസ്ഥാൻ പോലീസിന്റെ വെടിയേറ്റ് മരിച്ച ബംഗ്ലാദേശ് വിദ്യാർത്ഥികളുടെ ഓർമ്മ പുതുക്കുന്ന ദിനമാണ് ഫെബ്രുവരി 21. 1952–ൽ മാതൃഭാഷയ്ക്കുവേണ്ടി പോരാടിയതിന്റെ പേരിൽ വെടിയേറ്റു മരിച്ച വിദ്യാർത്ഥികളെ ആദരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചതുകൊണ്ടാണ് 2000 മുതൽ ഫെബ്രുവരി 21 ലോകമാതൃഭാഷാദിനമായി മാറിയത്.

1947–ൽ പാക്കിസ്ഥാൻ രൂപീകരിക്കപ്പെട്ടപ്പോൾ അവിടത്തെ ഔദ്യോഗിക ഭാഷയായി സർക്കാർ പ്രഖ്യാപിച്ചത് ഉർദു മാത്രമാണ്. ഉർദു അടിച്ചേല്പിക്കുന്നതിനെതിരെ ബംഗ്ലാദേശിൽ (അന്നത്തെ കിഴക്കൻ പാക്കിസ്ഥാൻ) രൂപപ്പെട്ട പ്രക്ഷോഭങ്ങളാണ് 1952–ലെ വെടിവെപ്പുവരെ എത്തിയത്. തുടർസമരങ്ങളും പ്രക്ഷോഭങ്ങളും രാഷ്ട്രീയ കോളിളക്കളും സൃഷ്ടിച്ച് ബംഗാളിഭാഷാസമരം നീണ്ടുപോയി. 1956–ൽ പാക്കിസ്ഥാനിലെ രണ്ടാമത്തെ ഔദ്യോഗികഭാഷയായി ബംഗാളിയെ സർക്കാരിന് അംഗീകരിക്കേണ്ടി വന്നു. സ്വന്തം ഭാഷയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ഇരുപതാം നൂറ്റാണ്ടിൽ പല മൂന്നാം ലോകരാജ്യങ്ങളിലും നടന്നു. അപകോളനീകരണം എന്നത് സ്വന്തം ഭാഷയെ തിരിച്ചു പിടിക്കൽകൂടിയാണെന്ന് അവർ തിരിച്ചറിഞ്ഞതിന്റെ ഫലമാണ് അത്.

മാതൃഭാഷ മറ്റു ഭാഷകളെപ്പോലെ ഒരു ഉപകരണമല്ല. മനുഷ്യരെ ലോകവുമായി ബന്ധിപ്പിക്കുന്ന, സാമൂഹികവൽക്കരിക്കുന്ന ഒരവയവം തന്നെയാണ് മാതൃഭാഷ. കേരളസംസ്ഥാനം രൂപീകരിക്കപ്പെട്ടിട്ട് ആറു പതിറ്റാണ്ട് ആയിട്ടും ഇന്നും നമ്മുടെ ഔദ്യോഗിക ഭാഷ മലയാളമായി മാറിയിട്ടില്ല. മലയാളം മാത്രമറിയാവുന്ന ഒരാൾക്ക് ഇന്ന് കേരളത്തിൽ ജീവിക്കാൻ കഴിയില്ല എന്നായിട്ടുണ്ട് അവസ്ഥ. നമ്മുടെ കോടതികളിൽ നീതിതേടി ചെല്ലുന്ന മലയാളിക്ക് ഒരിക്കലും മനസ്സിലാവാത്തവിധം ഇംഗ്ലീഷിൽ നിയമം നടപ്പിലാക്കുമ്പോൾ അവിടെ നീതി നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. പരാതിക്കാർക്കോ എതിർകക്ഷിക്കോ മനസ്സിലാകാത്ത ഭാഷയിൽ നിയമം നടപ്പിലാക്കുമ്പോൾ, അത് പിന്നെ ആർക്കുവേണ്ടിയാണ് എന്ന് നാം ചോദിക്കേണ്ടിയിരിക്കുന്നു. 1987–ൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ നിർദേശിച്ചതുപോലെ കേരളത്തിലെ കീഴ്ക്കോടതികൾ മലയാളത്തിലാക്കാൻ എന്തുകൊണ്ട് നമ്മുക്ക് കഴിയുന്നില്ല?

സ്വന്തം നാട്ടിൽ ഇംഗ്ലീഷിനെ കോടതി ഭാഷയാക്കാൻ ഇംഗ്ലീഷുകാർ പ്രക്ഷോഭം നടത്തിയിരുന്നു എന്ന ചരിത്രം നമ്മൾ അറിയേണ്ടതുണ്ട്. 'രാജാവിനേക്കാൾ വലിയ രാജ്യഭക്തി' ഉള്ളവരാണ് നമ്മൾ എന്ന് ബോധിപ്പിക്കാനായി ഇന്നും നമ്മൾ നമ്മുടെ കോടതികളിൽ ഇംഗ്ലീഷ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ കോടതികളിൽ മലയാളം വ്യവഹാരഭാഷയാക്കാനുള്ള പോരാട്ടം ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി ഈ വർഷത്തെ ലോകമാതൃഭാഷാ ദിനത്തിൽ ഒരു മാതൃഭാഷാസംഗമം സംഘടിപ്പിക്കുകയാണ്. എറണാകുളം പബ്ലിക് ലൈബ്രറി, പുരോഗമന കലാസാഹിത്യസംഘം, കേരളശാസ്ത്രസാഹിത്യപരിഷത്ത്, ലൈബ്രറി കൗൺസിൽ, സ്വതന്ത്ര സോഫ്റ്റ്‌വേർ സംഘം, മലയാള സംരക്ഷണ വേദി, മലയാള ഐക്യവേദി എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന പരിപാടിയിലേക്ക് താങ്കളും സുഹൃത്തുക്കളും എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**എറണാകുളം പബ്ലിക് ലൈബ്രറി ● പുരോഗമന കലാസാഹിത്യസംഘം ● സ്വതന്ത്ര സോഫ്റ്റ്‌വേർ സംഘം**
**കേരളശാസ്ത്രസാഹിത്യപരിഷത്ത് ● ലൈബ്രറി കൗൺസിൽ ● മലയാളസംരക്ഷണ വേദി ● മലയാള ഐക്യവേദി**